"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ഷൻ വകുപ്പ് - ലോക് സഭാ തിരഞ്ഞെടുപ്പ് 2024 - സർക്കാർ ഉദ്യോഗസ്ഥരായ ബൂത്ത് ലെവൽ ഓഫീസർമാർക്ക് രണ്ട് ദിവസം ഡ്യൂട്ടി ലീവ് - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ഷൻ (ജനറൽ) വകുപ്പ്**

സ.ഉ.(സാധാ) നം.236/2024/ELEC തീയതി,തിരുവനന്തപുരം, 06-04-2024

---

പരാമർശം:- സ.ഉ.(സാധാ)നം.180/2024/ഇലക്ഷൻ. തീയതി 22/03/2024.

**ഉത്തരവ്**

2024-ലെ ലോക് സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബൂത്ത് ലെവൽ ഓഫീസർമാർ തിരഞ്ഞെടുപ്പ് തീയതിയായ 26/04/2024-ന് അഞ്ചു ദിവസം മുൻപ് വോട്ടർമാർക്ക് വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ്പ് വിതരണം ചെയ്യേണ്ടതും ആയത് വോട്ടർ/കുടുംബാംഗം കൈപ്പറ്റിയെന്നുള്ള രേഖ ശേഖരിക്കേണ്ടതും ടി രേഖ ബൂത്ത് ലെവൽ ഓഫീസർമാർ തിരഞ്ഞെടുപ്പ് ദിവസത്തിനു മൂന്ന് ദിവിസം മുൻപ് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരെ ഏൽപ്പിക്കേണ്ടതുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി സർക്കാർ ഉദ്യോഗസ്ഥരായ ബൂത്ത് ലെവൽ ഓഫീസർമാർക്ക് 08/04/2024 മുതൽ 20/04/2024 വരെയുള്ള പ്രവർത്തിദിനങ്ങളിൽ ഏതെങ്കിലും രണ്ടു ദിവസത്തേയ്ക്ക് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കൃഷ്ണദാസൻ പി
ADDITIONAL SECRETARY & ADDITIONAL CHIEF ELECTORAL OFFICER

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും.
എല്ലാ കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും(പൊതുഭരണം, ധനകാര്യം, നിയമം)
നിയമസഭാ സെക്രട്ടേറിയറ്റ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.(വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്)

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും.

കരുതൽ ഫയൽ(ഇഎൽ.7/12/2024/ഇലക്ഷൻ)

ഉത്തരവിൻ പ്രകാരം,

Signed by
Shivlal R V
Date: 06-04-2024 12:09:50

സെക്ഷൻ ഓഫീസർ.